**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3685** **02-03-2023 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഓടുന്ന വാഹനങ്ങൾ തീപിടിച്ചുള്ള അപകടങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | വാഹനങ്ങളിൽ തീപിടിച്ചുണ്ടാകുന്ന ഒറ്റപ്പെട്ട അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഉപയോഗിക്കുന്ന സുരക്ഷിതമല്ലാത്ത വയറിംഗുകളിൽ നിന്നുള്ള ഷോർട്ട് സർക്യൂട്ട് മൂലമോ വാഹനങ്ങൾക്ക് കാലാകാലങ്ങളിലുള്ള സർവ്വീസ് നടത്താത്തതു കാരണമോ വാഹനങ്ങളിൽ തീപിടിക്കുന്നതിന് സാദ്ധ്യത ഉണ്ടാകുന്നത്. |
| (ബി) | വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് വാഹനമോടിക്കുന്നവരെ ബോധവാന്മാരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മുഖേനയും, മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം നൽകിവരുന്നുണ്ട്. ഈ പ്രവണത തടയാൻ പരിശോധനയും കർശന നടപടികളും സ്വീകരിക്കുന്നുണ്ട്. പ്രസ്തുത നടപടികൾ തുടരുന്നതുമാണ്. |
| (സി) | വാഹനങ്ങളിൽ നിയമവിരുദ്ധ രൂപമാറ്റം നടത്തുന്നത് കണ്ടുപിടിക്കാൻ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | വാഹനങ്ങൾ തീപിടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ മുഖേനയും, മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം നൽകിവരുന്നുണ്ട്. ഈ പ്രവണത തടയാൻ പരിശോധനയും കർശന നടപടികളും സ്വീകരിക്കുന്നുണ്ട്. പ്രസ്തുത നടപടികൾ തുടരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ